**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2950** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | 31/12/2008 വരെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ കമ്മീഷൻ അർഹത കണ്ടെത്തി കടാശ്വാസം ശുപാർശ ചെയ്യുന്നു. തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ നിർത്തിവെക്കാനും വായ്പാ തിരിച്ചടവിന് സാവകാശം നൽകാനും കമ്മീഷൻ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു. അത്തരം വായ്പകളിൽ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് മോറട്ടോറിയത്തിൻറെ കാലാവധി വിവിധ കാലഘട്ടങ്ങളിലായി ദീർഘിപ്പിക്കുവാൻ ശുപാർശ ചെയ്ത് വരുന്നു. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന ത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവത്കൃതമോ ആയ യാനങ്ങൾക്കോ കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾ മൂലമോ നഷ്ടമോ കേടുപാടുകളോ തീർക്കാനാവാത്ത വിധം അവയ്ക്ക് നാശമോ ഉണ്ടാവുകയോ ചെയ്തിട്ടുള്ളതാണെങ്കിൽ ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിൻറെ പരിധിയിൽ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് ശുപാർശ ചെയ്യുന്നു. ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | ജില്ലകളെയോ, ജില്ലയെയോ അതിൻറെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയേയോ നിർദ്ദിഷ്ട കാലത്തേക്ക് ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് ശുപാർശ ചെയ്യുക, ദുരന്തബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളുക, പലിശ നിരക്ക് ഇളവ് ചെയ്യുക, മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടതായ കടാശ്വാസം നിർണ്ണയിക്കുക, കടം പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതിനും കടത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ വിമുക്ത രാക്കുന്നതിനും വേണ്ടി സർക്കാരിനോടോ സർക്കാർ ഏജൻസികളോടോ ശുപാർശ ചെയ്യുക, മത്സ്യത്തൊഴിലാളികളുടെ കടവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുക എന്നിങ്ങനെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾ മൂലം മത്സ്യത്തൊഴി ലാളികൾക്ക് അപ്രകാരമുള്ള നേട്ടങ്ങൾ ലഭ്യമാകുന്നു. |
| (സി) | പ്രസ്തുത കമ്മീഷന്റെ പ്രവർത്തനഫലമായി മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | 31/12/2008 വരെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ കമ്മീഷൻ അർഹത കണ്ടെത്തി കടാശ്വാസം ശുപാർശ ചെയ്യുന്നു. തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ നിർത്തിവെക്കാനും വായ്പാ തിരിച്ചടവിന് സാവകാശം നൽകാനും കമ്മീഷൻ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു. അത്തരം വായ്പകളിൽ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് മോറട്ടോറിയത്തിൻറെ കാലാവധി വിവിധ കാലഘട്ടങ്ങളിലായി ദീർഘിപ്പിക്കുവാൻ ശുപാർശ ചെയ്ത് വരുന്നു. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന ത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവത്കൃതമോ ആയ യാനങ്ങൾക്കോ കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾ മൂലമോ നഷ്ടമോ കേടുപാടുകളോ തീർക്കാനാവാത്ത വിധം അവയ്ക്ക് നാശമോ ഉണ്ടാവുകയോ ചെയ്തിട്ടുള്ളതാണെങ്കിൽ ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം വായ്പ തിരിച്ചടവ് സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | കടാശ്വാസത്തിൻറെ പരിധിയിൽ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് ശുപാർശ ചെയ്യുന്നു. ഏതെങ്കിലും ജില്ലകളെയോ, ജില്ലയെയോ അതിൻറെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയേയോ നിർദ്ദിഷ്ട കാലത്തേക്ക് ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് ശുപാർശ ചെയ്യുക, ദുരന്തബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളുക, പലിശ നിരക്ക് ഇളവ് ചെയ്യുക, മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടതായ കടാശ്വാസം നിർണ്ണയിക്കുക, കടം പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതിനും കടത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ വിമുക്ത രാക്കുന്നതിനും വേണ്ടി സർക്കാരിനോടോ സർക്കാർ ഏജൻസികളോടോ ശുപാർശ ചെയ്യുക, മത്സ്യത്തൊഴിലാളികളുടെ കടവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുക എന്നിങ്ങനെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾ മൂലം മത്സ്യത്തൊഴി ലാളികൾക്ക് അപ്രകാരമുള്ള നേട്ടങ്ങൾ ലഭ്യമാകുന്നു. |

സെക്ഷൻ ഓഫീസർ